പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3696 23.08.2017 ലെ മറുപടിക്ക്

**കയർമേഖലയെ പുനരുദ്ധരിക്കുന്നതിനായി നൂതന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. എം. മുകേഷ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.എ.എം. ആരിഫ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർമേഖലയെ പുനരുദ്ധരിക്കുന്നതിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ വ്യക്തമാക്കുമോ; | എ) പരമ്പരാഗത തൊഴിൽ മേഖലയിൽപ്പെട്ട കയർ വ്യവസായത്തെ സംരക്ഷിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.രണ്ടാം പുന:സംഘടനാ പദ്ധതി<br>2.എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം.<br>3.ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം വർദ്ധിപ്പിക്കുക<br>4.കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>5.പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ചു.<br>6.കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 12 കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചുകൊണ്ട് കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കുന്നു.<br>7.മുൻ കാലങ്ങളിൽ അനുവദിച്ചതിൽ മിച്ചമുള്ള തുക സംഘങ്ങൾക്ക് പ്രവർത്തനമൂലധനമായി ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.<br>8. നിയന്ത്രിതയന്ത്രവത്ക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്.<br>MGNREGS പ്രവർത്തികളിൽ വ്യാപകമായി കയർ ജിയോ ടെക്സ്റ്റൈയിൽസ് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജിയോ ടെക്സ്റ്റൈയിൽസിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാൻറ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു.<br>കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുകയും, പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപന്നങ്ങൾ വിറ്റഴിച്ചു വരുന്നു.<br>കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് |

| | |
|---|---|
| | ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ ആരംഭിച്ചിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000/- രൂപയുടെ തിരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കാൻ മേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനും അവയുടെ ആഭ്യന്തര മാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | ബി) കയർ ഭൂവസ്ത്രം, കയർ കോമ്പോസിറ്റ് ബോർഡ്, ലാറ്റക്സ് പാക്ക്ഡ് പനാമാ ബാഗുകൾ ഉപയോഗിച്ചുള്ള കടലെടുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കയറിന് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുകയാണ്. ക്രയവില സ്ഥിരതാ പദ്ധതി വഴി കയർ കോർപ്പറേഷൻ സംഭരിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അതുവഴി കയർ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുമായി കയർഫെഡ് / ഫോമിൽ/ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി കയർ കാർണിവൽ 2017 എന്ന പേരിൽ സംസ്ഥാനത്ത് 118 താൽക്കാലിക വിപണന കേന്ദ്രങ്ങൾ ഓണക്കാലത്ത് ആഗസ്റ്റ് 2 മുതൽ സപ്തംബർ 3 വരെ ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെ പ്രധാന കേന്ദ്രങ്ങളിൽ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ സ്റ്റാളുകളിൽ 50% കിഴിവിൽ കയർ ഉൽപ്പന്നങ്ങൾ (നിശ്ചിത തരം) ലഭ്യമാണ്. കൂടാതെ 1000 രൂപയുടെ കൂപ്പൺവഴി 2000 രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന പദ്ധതിയും സർക്കാർ ജീവനക്കാർക്ക് 15,000/- രൂപ വരെയുള്ള ഉൽപ്പന്നങ്ങൾ തവണ വ്യവസ്ഥയിൽ നൽകുന്ന പദ്ധതിയും നടപ്പിലായിട്ടുണ്ട്. |
| സി) കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗം ഏതെല്ലാം മേഖലകളിൽ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | സി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഹരിത കേരളം മിഷൻ എന്നീ പദ്ധതികളുടെ ഭാഗമായി മണ്ണ്-ജല സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. കടലാക്രമണം തടയുന്നതിന് ലാറ്റക്സ് പാക്ഡ് പനാമാ ബാഗുകൾ ഉപയോഗിക്കുന്ന പദ്ധതി ആലപ്പുഴയിൽ പരീക്ഷണാർത്ഥം നടപ്പിലാക്കി വരുന്നു. |
| ഡി) കയർ ഭൂവസ്ത്ര നിർമ്മാണത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും കയർ വികസന വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ